നം.എച്ച്2/35637/2014

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 10.07.2014

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ സ്കൂൾ പ്രഥമാധ്യാപകരും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2014-15 - സമ്പൂർണ സോഫ്റ്റ്‌വെയറിൽനിന്ന് ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി സ്ട്രെങ്ക്ത് പ്രിന്റൗട്ട് എടുക്കുന്നത് സംബന്ധിച്ച പുതിയ നിർദേശങ്ങൾ.**

സൂചന :-
1. 04.07.2014 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 124/2014/പൊ.വി.വ.
2. 07.07.2014 ലെ ഇതേ നമ്പർ കത്ത്
3. 10.07.2014 ലെ ഇതേ നമ്പർ സർക്കുലർ

സൂചന രണ്ടിലെ കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ കത്തിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തെ സ്കൂളുകൾ ഒന്നടങ്കം ഒരേസമയം സൈറ്റിൽ പ്രവേശിച്ച് 'സമ്പൂർണ'യിൽനിന്നുള്ള പ്രിന്റൗട്ടുകൾ എടുക്കാൻ ശ്രമിച്ചതിനാൽ സെർവർ ജാം ആവുകയും നിരവധി സ്കൂളുകൾക്ക് പ്രിന്റൗട്ടുകൾ എടുക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്. ഈ അവസ്ഥ ഇപ്പോഴും തുടരുകയാണ്. ഈ സാഹചര്യത്തിൽ പ്രഥമാധ്യാപകർ ഇനി സമ്പൂർണ പ്രിന്റൗട്ടുകൾ എടുക്കാനായി സൈറ്റിൽ പ്രവേശിക്കരുതെന്ന വിവരം അറിയിക്കുന്നു.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ www.itschool.gov.in എന്ന സൈറ്റിൽ പ്രവേശിച്ച് ഓരോ സ്കൂളുകളുടെയും '6th working day statement', Class and Division wise statement എന്നിവ പ്രിന്റൗട്ട് എടുത്ത് ഹെഡ്മാസ്റ്റർമാർക്ക് നൽകി അവരുടെയും ക്ലാസ്ടീച്ചർമാരുടെയും മാനേജർമാരുടെയും ഒപ്പും ആവശ്യമായ സാക്ഷ്യപത്രങ്ങളും വാങ്ങി തസ്തിക നിർണയം നടത്തേണ്ടതാണ്. സൈറ്റ് ലോഗിൻ ചെയ്യുമ്പോൾ ഇടതുവ

ശത്തെ മെനുവിൽ കാണുന്ന Class wise Print എന്ന ലിങ്ക് ഉപയോഗിച്ച് ഓരോ ക്ലാസിന്റെയും Division wise Printout എടുക്കാവുന്നതാണ്. ഇതുപോലെ തന്നെ 6th working day strength ന്റെ പ്രിന്റൗട്ടും എടുക്കാവുന്നതാണ്.

സമ്പൂർണയിൽ നിന്നുള്ള പ്രിന്റൗട്ടിലെയും പ്രഥമാധ്യാപകർ മുൻപ് സമർപ്പിച്ചിട്ടുള്ള 6th working day strength Report ലെയും വിവരങ്ങൾ തമ്മിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പ്രഥമാധ്യാപകരുടെ വിശദീകരണം വാങ്ങി നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്.

എല്ലാ സ്കൂളുകളുടെയും പ്രിന്റൗട്ടുകൾ ലഭിക്കാൻ കാത്തിരിക്കാതെ അവ ലഭിക്കുന്ന മുറയ്ക്കുതന്നെ പ്രസ്തുത സ്കൂളിന്റെ തസ്തിക നിർണയം നടത്തി നിർദിഷ്ട സമയത്തിനുള്ളിൽതന്നെ പ്രസിദ്ധീകരിക്കാൻ എ.ഇ.ഒ/ഡി.ഇ.ഒ മാർ ശ്രദ്ധിക്കണം

ഐ.ടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ സഹായം വിദ്യാഭ്യാസ ഉപജില്ലാതലത്തിൽത്തന്നെ ഈ പ്രവർത്തനത്തിനുമുണ്ടാകും. സംശയനിവാരണത്തിനായി ഐ.ടി@സ്കൂൾ ജില്ലാ ഓഫീസുമായും ബന്ധപ്പെടാം.

വിശ്വസ്തതയോടെ,

എൽ. രാജൻ
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ)**

പകർപ്പ് :-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
(ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനുവേണ്ടി)